ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 15.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മിസോറാമിലെ ജനങ്ങൾക്ക് സമാധാനവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിൽ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Union Home Minister Amit Shah says that the central government is committed to ensure peace and security for the people of Mizoram.

2. വിദ്യാർത്ഥികൾ വികസിപ്പിച്ചെടുക്കുന്ന പുതിയ സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ പൂർണ്ണ പിന്തുണ നൽകുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   Union Minister Ashwini Vaishnav says that the government will provide full support to new startups developed by students.

3. മൂന്നു ദിവസത്തെ ഫിറ്റ് ഇന്ത്യ കാർണിവലിന് ന്യൂഡൽഹി ജവഹർ ലാൽ നെഹ്‌റു സ്റ്റേഡിയത്തിൽ നാളെ തുടക്കമാകും.

   The three-day Fit India Carnival will begin tomorrow at the Jawaharlal Nehru Stadium in New Delhi.

4. കേരളത്തിൽ മലപ്പുറം ജില്ലയിലെ പെരുന്തൽമണ്ണ തിരൂർക്കാട്, കെഎസ് ആർടിസി ബസും ലോറിയും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. 20 പേർക്ക് പരിക്ക്.

   One person died and 20 were injured in a collision between a KSRTC bus and a lorry at Perinthalmanna in Malappuram district of Kerala.

5. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

   Mumbai Indians will face Delhi Capitals in the Women's Premier League cricket final today.

&&&&&&&&&&&&&&&&&&

## HEAD LINE – 1

## SHAH-MISORAM (EARLY)

മിസോറാമിലെ ജനങ്ങൾക്ക് സമാധാനവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിൽ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. അസം റൈഫിൾസ് ആസ്ഥാനം, മദ്ധ്യ ഐസ്വാളിൽ നിന്ന് സൊഖവ് സാങ്ങിലേക്ക് മാറ്റുന്നത് മിസോറാമിന്റെ വികസനത്തിനായുള്ള സുപ്രധാന തീരുമാനമെന്നും അദ്ദേഹം പറഞ്ഞു. വടക്കുകിഴക്കൻ മേഖലയിലുടനീളം സമാധാനം വളർത്തിയെടുക്കുന്നതിൽ കേന്ദ്ര സർക്കാർ നടത്തിയ ശ്രമങ്ങൾ ശ്രീ. ഷാ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## REV. AMIT SHAH- ASSAM -MIZORAM (INTRO)

അസമിൽ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനത്തിനായി 3 ലക്ഷം കോടി രൂപയുടെ കേന്ദ്രസർക്കാർ പദ്ധതികൾ പ്രഖ്യാപിച്ച് ആഭ്യന്തരമന്ത്രി അമിത് ഷാ. ഗോലാഘട്ട് ജില്ലയിൽ പോലീസ് അക്കാദമിയുടെ ഉദ്ഘാടനവും ഭവന പദ്ധതികൾക്കുള്ള തറക്കല്ലിടലും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. അസമിൽ ബിസിനസ്സ് മേഖല അഭിവൃദ്ധി പ്രാപിച്ചുവെന്നും യുവാക്കൾക്ക് തൊഴിലവസരങ്ങൾ വർധിച്ചുവെന്നും ശ്രീ ഷാ അഭിപ്രായപ്പെട്ടു.

**(വോയിസ്)**

പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപെട്ട് എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി നാളെ ശ്രീ. അമിത്ഷാ ഗുവാഹത്തിയിൽ കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## REV. ASHWINI VAISHNAW TAMIL NADU VISIT

വിദ്യാർത്ഥികൾ വികസിപ്പിച്ചെടുക്കുന്ന പുതിയ സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ പൂർണ്ണ പിന്തുണ നൽകുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. തൈയൂർ ഐഐടി വികസിപ്പിച്ച ഹൈപ്പർലൂപ്പ് പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുമായി

സംവദിക്കുകയായിരുന്നു കേന്ദ്രമന്ത്രി.
പദ്ധതിയുടെ വികസനത്തിന് മുൻഗണന നൽകുമെന്ന് ഉറപ്പുനൽകിയ അദ്ദേഹം, നൂതന സാങ്കേതികവിദ്യകളിൽ പ്രോട്ടോടൈപ്പുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**INDIAN TRADE FLOURISH: UN**

ഇന്ത്യൻ വ്യാപാരമേഖല 2024 ലെ അവസാന പാദത്തിൽ ശക്തമായ വളർച്ച കൈവരിച്ചതായി ഐക്യരാഷ്ട്രസഭയുടെ വ്യാപാര വികസന സമ്മേളന റിപ്പോർട്ട്. 2024 ൽ പല വികസിത രാജ്യങ്ങൾക്കും വ്യാപാര മാന്ദ്യം നേരിട്ടെങ്കിലും ഇറക്കുമതിയും കയറ്റുമതിയും വർദ്ധിച്ചതോടെ ഇന്ത്യ ശരാശരിയേക്കാൾ മികച്ച പ്രകടനം കാഴ്ചവച്ചതായി റിപ്പോർട്ടിൽ പറയുന്നു.

&&&&&&&&&&&&&&&&&&

**RBI DIGITAL TRANSFORMATION AWARD**

ലണ്ടനിലെ സെൻട്രൽ ബാങ്കിംഗ് നൽകുന്ന 2025 ലെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ - തിരഞ്ഞെടുക്കപ്പെട്ടു. റിസർവ് ബാങ്ക് വികസിപ്പിച്ചെടുത്ത പ്രവാഹ്, സാർത്തി എന്നീ ഡിജിറ്റൽ സംരംഭങ്ങൾക്കാണ് പുരസ്കാരം ലഭിച്ചത്. കടലാസ്സ് രഹിത ബാങ്കിങ് സേവനം, കേന്ദ്രീകൃത സൈബർ സുരക്ഷാ സംവിധാനം, ഡിജിറ്റൽ ട്രാക്കിംഗ് തുടങ്ങിയവയാണ് ഇതിൽ പ്രധാനം.

&&&&&&&&&&&&&&&&&&

**HEAD LINE – 3**

**MANDAVIYA FIT INDIA CARNIVAL**

മൂന്നു ദിവസത്തെ ഫിറ്റ് ഇന്ത്യ കാർണിവലിന് ന്യൂഡൽഹി ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിൽ നാളെ തുടക്കമാകും. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ കാർണിവൽ ഉദ്ഘാടനം ചെയ്യും. ആരോഗ്യകരവും സജീവവുമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ് ഫിറ്റ്നസ്-വെൽനസ്

പരിപാടി. ഈ മാസം 20 ന് ദേശീയ തലസ്ഥാനത്ത് ആരംഭിക്കുന്ന ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ ലോഗോയും ഗാനവും പരിപാടിയിൽ പുറത്തിറക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## MALAPPURAM - ACCIDENT

കേരളത്തിലെ മലപ്പുറം ജില്ലയിൽ പെരുന്തൽമണ്ണ തിരൂർക്കാട് കെഎസ് ആർടിസി ബസും ലോറിയും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. 20 പേർക്ക് പരിക്ക്. 2 പേരുടെ നില ഗുരുതരം. മണർക്കാട് സ്വദേശി ശ്രീനന്ദയാണ് മരിച്ചത്. പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&&&&

## CLIMATE - KERALA

കേരളത്തിൽ ചൂട് ഉയരുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യത. അതെസമയം, ചിലയിടങ്ങളിൽ നാളെയും മറ്റന്നാളും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. തുടർച്ചയായ മൂന്നാം ഫൈനലിനാണ് ഡൽഹി കളിക്കളത്തിൽ ഇറങ്ങുന്നത്. രണ്ടാം കിരീട നേട്ടമാണ് മുംബൈ ഇന്ത്യൻസിൻറെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

## REV. INDIAN WELLS : TENNIS

ഇന്ത്യൻ വെൽസ് ടെന്നീസിൽ റഷ്യൻ താരം മിറ ആൻഡ്രീവ നിലവിലെ ചാമ്പ്യൻ ഇഗ സ്വിയാറ്റെക്കിനെ തോൽപിച്ച് ഫൈനലിൽ സ്ഥാനം ഉറപ്പിച്ചു. നാളെ നടക്കുന്ന വനിതാ സിംഗിൾസ് ഫൈനലിൽ ആൻഡ്രീവ, ടോപ് സീഡ് ആയ അരിന സബലെങ്കയെ നേരിടും. 2001 ൽ സെറീന വില്യംസിനോട് പരാജയപ്പെട്ട കിം ക്ലൈസ്റ്റേഴ്സിന് ശേഷം ഇന്ത്യൻ വെൽസ് ഫൈനലിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വനിതയാണ് 17 കാരിയായ ആൻഡ്രീവ.

&&&&&&&&&&&&&&&&&&

## ASHWINI VAISHNAV – TAMIL NADU VISIT (INTRO)

ഇലക്ട്രോണിക്സ് കയറ്റുമതിരംഗത്ത് ആഗോളതലത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്തെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. തമിഴ്നാട്ടിലെ ശ്രീപെരുമ്പുത്തൂരിൽ സെറ്റ്‌വർക്ക് ഇലക്ട്രോണിക്സിൻറെ പുതിയ കാമ്പസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇലക്ട്രോണിക്സ്, ആശയവിനിമയം, ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ എന്നിവയുൾപ്പെടെയുള്ള എല്ലാ മേഖലകളിലും രാജ്യം അതിവേഗം വളരുകയാണെന്നും കേന്ദ്ര മന്ത്രി പറഞ്ഞു

(വോയിസ്)

ചടങ്ങിൽ, 1,112 കോടി രൂപ മുതൽ മുടക്കുള്ള രണ്ട് പുതിയ ഇലക്ട്രോണിക് വ്യവസായങ്ങൾ ശ്രീപെരുമ്പുത്തൂരിലും മണലൂരിലും സ്ഥാപിക്കുമെന്ന് ശ്രീ വൈഷ്ണവ് പ്രഖ്യാപിച്ചു. അമൃത് പദ്ധതി പ്രകാരം 77 റെയിൽവേ സ്റ്റേഷനുകൾ നവീകരിക്കുമെന്നും 715 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## ISRO- LVM3 FLIGHT ACCEPTANCE

LVM3 വിക്ഷേപണ വാഹനത്തിന്റെ ആറാം പ്രവർത്തന ദൗത്യത്തിനായി സജ്ജമാക്കിയ ക്രയോജനിക് എഞ്ചിന്റെ ഹോട്ട് ടെസ്റ്റ് ISRO വിജയകരമായി പൂർത്തിയാക്കി. തമിഴ്നാട്ടിലെ മഹേന്ദ്രഗിരിയിലുള്ള പ്രൊപ്പൽഷൻ കോംപ്ലക്സിലാണ് പരീക്ഷണം

നടത്തിയത്. ലോഞ്ച് വെഹിക്കിൾ മാർക്ക്-3 എന്നും അറിയപ്പെടുന്ന LVM-3, ഐഎസ്ആർഒ വികസിപ്പിച്ചെടുത്ത മൂന്ന് ഘട്ടങ്ങളുള്ള മീഡിയം-ലിഫ്റ്റ് ലോഞ്ച് വെഹിക്കിളാണ്.

&&&&&&&&&&&&&&&&&&

## MURUGAN KARAIKAL VISIT

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ കാരയ്ക്കലിലെ ആകാശവാണി നിലയം സന്ദർശിച്ചു. മുതിർന്ന ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന അദ്ദേഹം നിലയത്തിൻറെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&&

## RUSSIA UKRAINE

റഷ്യയും യുക്രെയ്നും കഴിഞ്ഞ രാത്രി മുഴുവൻ ഇരു മേഖലകളിലും പരസ്പരം കനത്ത വ്യോമാക്രമണം നടത്തി. 30 ദിവസത്തെ വെടിനിർത്തൽ എന്ന അമേരിക്കൻ നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യാൻ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ യുഎസ് പ്രതിനിധി സ്റ്റീവ്വിറ്റ് കാഫുമായി കൂടിക്കാഴ്ച നടത്തി 24 മണിക്കൂറിനകമായിരുന്നു ആക്രമണം. 126 യുക്രേനിയൻ ഡ്രോണുകൾ വെടിവച്ചിട്ടതായി റഷ്യൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു. അതേസമയം റഷ്യ 178 ഡ്രോണുകളും രണ്ട് ബാലിസ്റ്റിക് മിസൈലുകളും ഉപയോഗിച്ച് രാജ്യത്തിനുനേരെ ആക്രമണം നടത്തിയതായി യുക്രെയ്ൻ വ്യോമസേന അറിയിച്ചു.

&&&&&&&&&&&&&&&&&&

## HAMAS CEASEFIRE

ഇസ്രായേൽ, വെടിനിർത്തൽ കരാർ നടപ്പിലാക്കിയാൽ മാത്രമേ ഒരു അമേരിക്കൻ-ഇസ്രായേലി പൗരനെയും മറ്റ് നാല് ബന്ദികളുടെ മൃതദേഹങ്ങളും വിട്ട് നൽകൂ എന്ന് ഹമാസ് പ്രഖ്യാപിച്ചു. മാനുഷിക സഹായങ്ങൾ തടയുന്നതിൽ നിന്നും ഈജിപ്റ്റുമായുള്ള ഗാസയുടെ അതിർത്തിയിലുള്ള തന്ത്രപ്രധാന ഇടനാഴിയിൽ നിന്നും ഇസ്രായേൽ പിന്മാറണമെന്നും ഹമാസ് ആവശ്യപ്പെട്ടു. വെടിനിർത്തലിന്റെ രണ്ടാം ഘട്ടത്തെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിക്കേണ്ടതുണ്ടെന്നും ഹമാസിലെ ഒരു മുതിർന്ന

ഉദ്യോഗസ്ഥൻ പറഞ്ഞു. അതെ സമയം, ഹമാസിന്റെ നീക്കത്തിൽ ഇസ്രായേൽ സംശയം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

## BALOCHISTAN LIBERATION ARMY

പാകിസ്ഥാനിൽ, ജാഫർ എക്സ്പ്രസ് പാസഞ്ചർ ട്രെയിൻ തട്ടിയെടുത്ത സംഭവത്തിൽ ബന്ദികളാക്കപ്പെട്ട 214 പേരെ വധിച്ചതായി ബലൂചിസ്ഥാൻ ലിബറേഷൻ ആർമി അവകാശപ്പെട്ടു. തടവുകാരെ കൈമാറണമെന്ന 48 മണിക്കൂർ അന്ത്യശാസനത്തോട് പാകിസ്ഥാൻ സൈന്യം പ്രതികരിക്കാത്തതാണ് ബന്ദികളെ വധിക്കാൻ കാരണമെന്ന് വിമത സംഘടനയുടെ വക്താവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## JOSHI-CONSUMER RIGHTS

തെറ്റായ വാഗ്ദാനങ്ങളിൽ നിന്നും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ സംബന്ധിച്ച് അവബോധം വർദ്ധിപ്പിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി. ലോക ഉപഭോക്തൃ സംരക്ഷണ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വെബിനാറിനെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്' ഈ മാസം 30 ന്. പരിപാടിയുടെ 120-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കി ബാത്' കേൾക്കാം. പരിപാടിയിലേക്കുള്ള ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ സമർപ്പിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## PADMA AWARDS

2026 - ലെ പത്മ പുരസ്ക്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. ജൂലൈ 31 ആണ് അവസാന തീയതി. നാമനിർദ്ദേശങ്ങളും ശുപാർശകളും രാഷ്ട്രീയ പുരസ്കാര പോർട്ടലിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. കല, സാഹിത്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ മികച്ചതും അസാധാരണവുമായ നേട്ടങ്ങൾക്കാണ് പുരസ്ക്കാരങ്ങൾ നൽകുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&